## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.406 29/06/2015-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയ്ക്ക് ഒരു വൈദ്യുതി ഭവനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി ഡിവിഷൻ ഓഫീസ്, സർക്കിൾ ഓഫീസ് എന്നിവ പ്രവർത്തിക്കുന്ന വാടക കെട്ടിടം ഒഴിഞ്ഞു നൽകാൻ കെട്ടിട ഉടമസ്ഥൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | വാടക കെട്ടിടം കഴിഞ്ഞ ഏപ്രിൽ 30 നു മുമ്പായി ഒഴിഞ്ഞ് കൊടുക്കുന്നതിന് ഉടമസ്ഥനിൽ നിന്നും കത്ത് ലഭിച്ചിരുന്നു. |
| (ബി) മേൽപ്പറഞ്ഞ ഓഫീസുകൾ പ്രവർത്തിക്കാൻ സ്വകാര്യ കെട്ടിട ഉടമസ്ഥൻ കെട്ടിടം നൽകാത്ത സാഹചര്യത്തിൽ കെ. എസ്. ഇ. ബി.ക്ക് വിദ്യാനഗറിൽ കലക്ടറേറ്റിനടുത്ത സ്ഥലത്ത് ഒരു വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനുള്ള തടസ്സം വിശദമാക്കാമോ ; | (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡിന് വിദ്യാ നഗറിൽ കളക്ടറേറ്റിനടുത്ത സ്ഥലത്ത് ഒരു വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനുള്ള നടപടികൾ ബോർഡ് തലത്തിൽ പരിശോധിച്ച് വരുന്നു. മറ്റൊരു വാടക കെട്ടിടം മേൽ പറഞ്ഞ ഓഫീസ്സുകൾ പ്രവർത്തിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ഓഫീസുകൾ ഈ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |
| (സി) ജില്ലയ്ക്ക് ഒരു വൈദ്യുതി ഭവനം എന്നത് യാഥാർത്ഥ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നല്കുമോ ? | (സി) | എല്ലാ ജില്ലയിലും വൈദ്യുതി ഭവനം സ്ഥാപിക്കുന്നകാര്യം പരിഗണനയിലില്ല. സ്ഥല ലഭ്യത തിട്ടപ്പെടുത്തി ആവശ്യാനുസരണം ഒരു മിനി വൈദ്യുതി ഭവനം കാസർഗോഡ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**